# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 386

28-11-2018 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം തുറമുഖ നിർമ്മാണം

ചോദ്യം

ശ്രീ. എം.വിൻസെന്റ് :

മറുപടി

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനം വിലയിരുത്തി യിട്ടുണ്ടോ; പദ്ധതി ഉദ്ഘാടന വേളയിൽ പ്രഖ്യാപിച്ച തീയതിക്ക് തന്നെ തുറമുഖം പ്രവർത്തന ക്ഷമമാക്കുന്ന-തിന് നിലവിലത്തെ സാഹചര്യത്തിൽ സാധിക്കുമോ ; | (എ) ഉണ്ട്. രണ്ടാഴ്ച കൂടുമ്പോൾ Independent Engineer ഉം മാസംതോറും പ്രിൻസിപ്പൽ സെക്രട്ടറിതലത്തിലും അവലോകന യോഗങ്ങൾ നടത്തി പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. ഇതുകൂടാതെ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള പ്രോജക്ട് ഇംപ്ലിമെൻറേഷൻ കമ്മിറ്റിയും (Project Implementation Committee), എംപവേർഡ് കമ്മിറ്റിയും (EC) പദ്ധതി നിർവ്വഹണം യഥാസമയം അവലോകനം ചെയ്യുന്നുണ്ട്.<br>തുറമുഖ പദ്ധതിയുടെ നിർമ്മാണ ഉദ്ഘാടന വേളയിൽ അദാനി ഗ്രൂപ്പ് ചെയർമാൻ ശ്രീ.ഗൗതം അദാനി തുറമുഖ പദ്ധതി 1000 ദിവസം കൊണ്ട് (2018 സെപ്റ്റംബർ 1ന്) പൂർത്തീകരിക്കും എന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും, ഈ ലക്ഷ്യം കൈവരിക്കാൻ അദാനി കമ്പനിക്ക് സാധിച്ചില്ല. അദാനി തുറമുഖ കമ്പനിയുമായി ഒപ്പിട്ട കരാർ പ്രകാരം നിർമ്മാണം ആരംഭിച്ച് 1460 ദിവസങ്ങൾ കൊണ്ടാണ് പദ്ധതി പൂർത്തീകരിക്കേണ്ടത്. ഇത് പ്രകാരം 2019 ഡിസംബർ 3-ാം തീയതി നിർമ്മാണം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) തുറമുഖ നിർമ്മാണത്തിന്റെ ഭാഗമായിട്ടുള്ള പുലിമുട്ട് നിർമ്മാണത്തിന് ആവശ്യ മായ പാറ ലഭ്യമാക്കി യിട്ടുണ്ടോ; അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ; | (ബി) കരാർ പ്രകാരം പദ്ധതിക്ക് ആവശ്യമായിട്ടുള്ള പാറ കണ്ടെത്തേണ്ടത് അദാനി തുറമുഖ കമ്പനിയുടെ ചുമതലയാണ്. എന്നാൽ നിലവിലുള്ള സ്വകാര്യ ക്വാറികളിൽ നിന്നും പദ്ധതിക്ക് ആവശ്യമായ പാറ ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതായി അദാനി കമ്പനി അറിയിക്കുകയുണ്ടായി. ടി സാഹചര്യത്തിൽ സ്വന്തമായി ക്വാറികൾ സ്ഥാപിച്ച് പാറ ലഭ്യമാക്കുന്നതിനുള്ള നടപടികൾ അദാനി കമ്പനി സ്വീകരിച്ചുവരികയാണ്. ഇതിനായി സർക്കാർ പുറമ്പോക്ക് ഭൂമി കണ്ടെത്തുന്നതിനും, NOC, പാരിസ്ഥിതികാനുമതി എന്നിവ ലഭ്യമാക്കുന്ന തിനാവശ്യമായ നടപടികൾ സർക്കാർ തലത്തിൽ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അദാനി കമ്പനിക്ക് പാറ നൽകാമെന്ന് കരാറിലേർപ്പെട്ട സ്വകാര്യ കമ്പനികൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്. പാരിസ്ഥിതികാനുമതി ലഭിച്ചാൽ ഏതാനും ക്വാറികളിൽ നിന്നും ഉടൻ തന്നെ പാറ ലഭ്യമാകുമെന്ന് അദാനി കമ്പനി അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പുലിമുട്ട് നിർമ്മിക്കുന്നതിന് തുറമുഖ കമ്പനി ഏത് ഏജൻസിയെ ആണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ; | (സി) | ഈ പ്രോജക്ടിന്റെ EPC Contractor ആയ HOWE Engineering Projects Private Ltd നെയാണ് പുലിമുട്ട് നിർമ്മാണത്തിന് അദാനി തുറമുഖ കമ്പനി ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| ഡി) | ഓഖി ദുരന്തവും പ്രളയ ദുരന്തവും ഈ പദ്ധതിയെ എപ്രകാരമാണ് ബാധിച്ചത് ; | ഡി) | കേരള തീരത്ത് ആഘാതമേൽപ്പിച്ച ഓഖി ചുഴലിക്കാറ്റ് വിഴിഞ്ഞം പദ്ധതിയുടെ നിർമ്മാണ പുരോഗതിയെ ബാധിച്ചുവെന്നും ചുഴലിക്കാറ്റിൽ നാശനഷ്ടങ്ങൾ സംഭവിച്ചുവെന്നും അദാനി തുറമുഖ കമ്പനി അറിയിച്ചിട്ടുണ്ട്. പൈലിംഗ് വർക്കുകൾ ഓഖി മൂലം തടസ്സപ്പെടുകയും, പദ്ധതി പ്രദേശത്ത് പ്രവർത്തനത്തിലിരുന്ന ഒരു ഡ്രഡ്ജറിനും വിഴിഞ്ഞം മത്സ്യബന്ധന ഹാർബറിൽ നങ്കൂരമിട്ടിരുന്ന മറ്റൊരു ഡ്രെഡ്ജറിനും കാറ്റിലും ശക്തമായ തിരമാലയിലും കേട് സംഭവിക്കുകയുമുണ്ടായി. 2 ആഴ്ചകൾക്ക് ശേഷം ഡ്രെഡ്ജിംഗ് & റിക്ലമേഷൻ ഒഴികെയുള്ള മറ്റു പണികളെല്ലാം പുനരാരംഭിക്കുകയുണ്ടായി. ഡ്രെഡ്ജറുകൾ റിപ്പയർ ചെയ്തു തിരികെ എത്തിക്കുന്നതിന് കാലതാമസം ഉണ്ടാകുമെന്നതിനാൽ പദ്ധതി പൂർത്തീകരണത്തിന് 16 മാസം കൂടി നീട്ടി നൽകണമെന്ന് അദാനി കമ്പനി ആവശ്യപ്പെടുകയുണ്ടായി. ഈ വാദം അംഗീകരിക്കാനാവില്ലെന്ന് Independent Engineer റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ സമയം നീട്ടിക്കൊടുക്കാനാവില്ലെന്ന് അറിയിച്ചിട്ടുണ്ട്. |
| (ഇ) | നിയമതടസ്സങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളും അടിയന്തരമായി പരിഹരിച്ച് പുലിമുട്ട് നിർമ്മാണത്തിലുണ്ടായിട്ടുള്ള അനിശ്ചിതാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഇ) | പാറ ലഭിക്കുന്നതിനുള്ള പ്രശ്നങ്ങൾ പരിഹരിച്ച് നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**